ഓഫീസ് ഓട്ടോമേഷനും കമ്പ്യൂട്ടറൈസേഷനും

48(787)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ഓഫീസുകൾ കാലോചിതമായി ഓട്ടോമേഷന് വിധേയമാക്കുന്നുണ്ടോ;

(ബി) ഏതൊക്കെ വകുപ്പുകളിലാണ് കമ്പ്യൂട്ടറൈസേഷൻ നടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുമൂലം വിവിധ തസ്തികകളുടെ എണ്ണത്തിൽ കുറവ് വരുകയും തൊഴിൽ സാദ്ധ്യത കുറയ്ക്കുകയും ചെയ്യുമോ;

(ഡി) ഓഫീസ് ഓട്ടോമേഷനും കമ്പ്യൂട്ടറൈസേഷനും സംബന്ധിച്ച സർക്കാർ നയമെന്തെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) ഉണ്ട്, സർക്കാർതല കമ്പ്യൂട്ടറൈസേഷൻ

(ബി) സമയബന്ധിതമായി നടപ്പാക്കുന്നതിനും, ധനലഭ്യത ഉറപ്പുവരുത്തുന്നതിനും, ഇത് നടപ്പിലാക്കുന്നതിലുള്ള പുരോഗതി വിലയിരുത്തുന്നതിനുമായി ഒരു കർമ്മസമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പൊതുജനങ്ങളുമായി അടുത്ത് ഇടപെടുന്നതും, സർക്കാരിന്റെ വരുമാന സ്രോതസ്സുകളുമായി ബന്ധപ്പെടുന്നതുമായ 34 വകുപ്പുകളെ കമ്പ്യൂട്ടറൈസേഷനായി മുൻഗണനാക്രമത്തിൽ തെരെഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത വകുപ്പുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നിലവിലുള്ള തൊഴിലവസരങ്ങളിൽ കുറവ് വരാത്ത വിധത്തിലാണ് സർക്കാർ വകുപ്പുകളിൽ കമ്പ്യൂട്ടറൈസേഷൻ വിഭാവനം ചെയ്തിട്ടുള്ളത്. കമ്പ്യൂട്ടറൈസേഷൻ മുഖേന അനുബന്ധ മേഖലകളിൽ തൊഴിലവസരങ്ങൾ വർദ്ധിക്കുമെന്നും സർക്കാർ കണക്കാക്കുന്നു.

(ഡി) പൊതുജനങ്ങൾക്ക് പ്രാപ്യമായ രൂപത്തിൽ വിവര വിനിമയ സാങ്കേതികതയുടെ നൂതനങ്ങളായ സാദ്ധ്യതകൾ സർക്കാർ തലത്തിൽ ഉപയോഗിക്കപ്പെടുമ്പോൾ സർക്കാരിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുകയും അഴിമതിരഹിതമായ ഭരണനിർവ്വഹണം സാദ്ധ്യമാകുകയും ചെയ്യുമെന്ന് കണക്കാക്കിയിട്ടുണ്ട്. സർക്കാർ നയങ്ങളും പദ്ധതികളും കൂടുതൽ ഫലപ്രദമായി ജനങ്ങളിലേക്ക് എത്തിക്കാൻ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗം മൂലം കഴിയും.

പ്രവാസി മലയാളി കൗൺസിലിന്റെ പരാതി

49(788)ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly